# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.355** 11.05.2017-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ആധാർ നിർബന്ധമാക്കിയ നടപടി**

| | ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. എ.കെ. ശശീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് ആധാർ നിർബന്ധമാക്കാനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശമുണ്ടോ; ആധാർ നിർബന്ധമാക്കിയതുകൊണ്ടുണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ. യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവത്ക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് ഇടപാടുകാരുടെ ആധാർ നമ്പർ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയത്. എന്നാൽ ഇത് ഇടപാടുകാരോട് അടിച്ചേൽപ്പിക്കുകയോ നിർബന്ധമാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ഒന്നും തന്നെയില്ല. സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവത്ക്കരണത്തിന്റെ ഭാഗമായി വിവിധ ശാഖകളിലെ ഇടപാടുകാരുടെ രജിസ്റ്റർ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നത് വഴി അവർക്ക് കെ.എസ്.എഫ്.ഇ. ഇടപാടുകൾ വേഗത്തിലും സുഗമമായും നടപ്പിലാക്കാവുന്നതാണ്. മാത്രമല്ല, ഭാവിയിൽ e-kyc യും സിബിൽ പോലുള്ള സംവിധാനങ്ങളും പ്രയോജന പ്പെടുത്തുന്നതിനും ആധാർ നമ്പറുകൾ നൽകുക വഴി ഇടപാടുകാർക്ക് കഴിയുന്നതാണ്. നിലവിൽ റിസർവ് ബാങ്കിന്റെ നിയമ പ്രകാരം e-kyc സംവിധാനം പ്രയോജനപ്പെടുത്താൻ ആധാർ നമ്പറുകൾ വഴി മാത്രമേ സാധ്യമാകൂ. ഒരു കമ്പ്യൂട്ടർവൽകൃത സംവിധാനത്തിൽ e-kyc സംവിധാനമായിരിക്കും ഭാവിയിൽ നടപ്പിൽ വരുത്താവുന്ന ഏറ്റവും ഉപഭോക്തൃ സൗഹൃദപരമായ സമ്പ്രദായം എന്നതുകൂടി കണക്കിലെടുത്താണ് ഇടപാടുകാരുടെ |

| | | | |
|---|---|---|---|
| | | | ആധാർ നമ്പറുകൾ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | ഇതുമൂലം നിലവിലുള്ള ബിസിനസിൽ എന്തെങ്കിലും തരത്തിലുള്ള കുറവോ വർധനവോ വരാനിടയുണ്ടോ; | (ബി) | കർശനമായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ ബിസിനസ്സിനെ ഇത് ഒരു തരത്തിലും ബാധിക്കാനിടയില്ല. |
| (സി) | കെ.എസ്.എഫ്.ഇ. തുടങ്ങാനിരിക്കുന്ന പ്രവാസി ചിട്ടിയെ ഇത് എങ്ങനെയൊക്കെയാണ് ബാധിക്കുക എന്ന് വ്യക്തമാക്കുമോ; ഇതേപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുമോ; | (സി) | തുടങ്ങാനിരിക്കുന്ന പ്രവാസി ചിട്ടിയെ ഇത് ബാധിക്കാൻ ഇടയില്ല. |
| (ഡി) | സർക്കാർ സേവനങ്ങൾക്ക് ആധാർ നിർബന്ധമാക്കാൻ പാടില്ല എന്നുള്ള സുപ്രീം കോടതി വിധിയുടെ ലംഘനമാണിതെന്ന് കരുതുന്നുണ്ടോ; പ്രസ്തുത തീരുമാനം പുനപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ. ചിട്ടിയിൽ ചേരുന്നതും വിളിച്ചെടുക്കുന്നതും ഒരു സർക്കാർ സേവനമായി കണക്കാക്കാനാവില്ല.. മറിച്ച് ഓരോരുത്തരുടേയും സാമ്പത്തിക ആവശ്യങ്ങളും സാമ്പത്തിക ഭദ്രതയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമായ തീരുമാനമാണത്. മാത്രമല്ല ആധാർ കാർഡ് ഇല്ല എന്നത് കൊണ്ട് കെ.എസ്.എഫ്.ഇ. യുടെ സേവനം ലഭ്യമാകില്ല എന്ന ഒരു നിർദ്ദേശവും കെ.എസ്.എഫ്.ഇ. ഇടപാടുകാർക്ക് നൽകിയിട്ടില്ല. ഇത് ഇടപാടുകൾ കുറേക്കൂടി സത്വരവും സുതാര്യവുമാക്കുന്നതിന് ശാഖകൾക്ക് നൽകിയ നിർദ്ദേശം മാത്രമാണ്. അതുകൊണ്ട് ഇത് സുപ്രീം കോടതിയുടെ വിധിയുടെ ലംഘനമാകുന്നില്ല. |

**സെക്ഷൻ ഓഫീസർ.**